പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1305

20.01.2014 ൽ
മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുക സ്വരൂപിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ; | (എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ 15-01-2014 വരെ 33,69,90,278 രൂപ സ്വരൂപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇനത്തിൽ ഇതുവരെ എത്ര രൂപ ചിലവഴിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ; | **(ബി)** റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇതുവരെ 10,62,66,467 രൂപ ചെലവഴിച്ചിട്ടുണ്ട്. നദീതീര സംരക്ഷണ പ്രവൃത്തികൾക്ക് 9,48,51,798 രൂപയും, അനധികൃത മണൽ കടത്ത് തടയുന്നതിനുള്ള സ്ക്വാഡുകൾക്ക് വേണ്ടി എടുത്ത വാഹനങ്ങളുടെ വാടക, കണ്ടുകെട്ടിയ മണൽ താലൂക്ക് ഓഫീസിൽ എത്തിക്കുന്നതിനുള്ള ചെലവ് എന്നീ ഇനങ്ങളിൽ 72,52,065 രൂപയും, ഇ-മണൽ പദ്ധതിയുടെ ചെലവിലേക്കായി 21,38,936 രൂപയും, സാന്റ് ഓഡിറ്റ് നടത്തിയതിന് 6,11,160 രൂപയും, 'പി' ഫോറം പാസ് പ്രിന്റ് ചെയ്തതിന് 79,335 രൂപയും, കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം ചെയ്തതിന് 1,35,280 രൂപയും, ജില്ലാ വിദഗ്ധ സമിതി അംഗങ്ങളുടെ യാത്രാബത്ത ഇനത്തിൽ 3,940 രൂപയും, സർക്കാർ ഉത്തരവ് പ്രകാരം റിവർ മാനേജ്മെന്റ് ഉപയോഗിച്ച് ഒരു വാഹനം |

വാങ്ങിയതിനും അതിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം എന്നീ ചെലവുകൾക്കുമായി 7,12,129 രൂപയും, ഓഫീസിലെ മറ്റു ചെലവുകൾക്കായി 67,990 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) റിവർ മാനേജ്മെന്റ് ഫണ്ട് നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ ?

(സി) & (ഡി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട്, 2013 -ലെ (ഭേദഗതി) ആക്ട്, 2002 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ ചട്ടങ്ങൾ, 2003 -ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടങ്ങൾ, 2013 -ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടങ്ങൾ, എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതും പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതും. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച് 03-09-12 -ൽ 35809/പി1/2002/റവ നമ്പരായി സർക്കാർ ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

Sreelela T.P.
സെക്ഷൻ ഓഫീസർ